വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)* : സർ, തിരുവമ്പാടി മണ്ഡലത്തിലെ താമരശ്ശേരിയിൽ ഒരു വ്യവസായ വികസന കേന്ദ്രം സ്ഥാപിക്കുന്നതിനായി 20.43 ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഈ സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ ഫണ്ട് ഇല്ലാതിരുന്നതിനാൽ മേൽപ്പടി പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഫണ്ടിനായി കോഴിക്കോട് ജില്ലാ പഞ്ചായത്തിന് പദ്ധതി സമർപ്പിച്ചിരുന്നു. ജില്ലാ പഞ്ചായത്ത് ആസൂത്രണ കമ്മിറ്റി പദ്ധതി അംഗീകരിച്ച് 58,92,025 രൂപ ഇതിലേക്ക് തരുവാൻ തീരുമാനിച്ചു. എന്നാൽ ജില്ലാ പഞ്ചായത്തിന്റെ പക്കൽ ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഈ വർഷം ഇതിലേക്ക് പണം അനുവദിക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ഈ സ്ഥലത്ത് വ്യവസായ വികസന പ്ലോട്ട് വ്യവസായ വകുപ്പുതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസായ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

(6) തെക്കൻ തീരപ്രദേശങ്ങളിലെ വരൾച്ചയും കുടിവെള്ള ക്ഷാമവും

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, കടുത്ത വരൾച്ചയുടെ പിടിയിലാണ് കേരളത്തിന്റെ തെക്കൻ തീര പ്രദേശങ്ങൾ. സുനാമി ദുരന്തത്തിന്റെ നടുക്കത്തിൽനിന്ന് ഇനിയും മോചിതമായിട്ടില്ലാത്ത തെക്കൻ തീരപ്രദേശങ്ങൾ അതിരൂക്ഷമായ വരൾച്ചയും കുടിവെള്ള ക്ഷാമവും കാരണം വല്ലാത്ത ദുരിതങ്ങൾ വാരി വിതറിക്കൊണ്ടിരിക്കുകയാണ്. മഴക്കാലമെത്താൻ ഇനിയും മാസങ്ങൾ ശേഷിക്കേ ഒരിറ്റ് ദാഹജലത്തിനുവേണ്ടി തെക്കൻ തീരപ്രദേശങ്ങളിലെ ജനങ്ങൾ നെട്ടോട്ടമോടുകയാണ്. എന്നാൽ അധികൃതർ ഇത് കണ്ട ഭാവം പോലും നടിക്കുന്നില്ല എന്നുള്ളതാണ് ദയനീയമായ സ്ഥിതിവിശേഷം. വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളൊന്നും തന്നെ കാര്യമായി പ്രവർത്തിക്കുന്നില്ല. ചിലയിടത്ത് മോട്ടോർ ഇല്ല, ചിലത് തകരാറിലാണ്. ചിലയിടത്ത് പമ്പ്സെറ്റ് ഇല്ല. കൃത്യമായി ഇതൊന്നും നന്നാക്കാനുള്ള സംവിധാനം ഇല്ല. പുതിയ പമ്പ് സെറ്റുകളോ മോട്ടോറുകളോ എത്തിക്കുന്നതിനും ഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ ഒന്നും നടക്കുന്നില്ല. ജല വിഭവ വകുപ്പിന്റെ ചുമതലയിലുള്ള വെള്ളം വിതരണം ചെയ്യുക മാത്രമല്ല, ശുദ്ധജല സ്രോതസുകൾ നിലനിർത്തുക, അവ വികസിപ്പിക്കുക എന്നുള്ളതാണ്. പല ശുദ്ധജല സ്രോതസുകളും നഷ്ടപ്പെട്ടു കഴിഞ്ഞു; പലതും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് സംരക്ഷിക്കുന്നതിനും നില നിർത്തുന്നതിനും ഫലപ്രദമായ നടപടികൾ ഉണ്ടാകണം. തെക്കൻതീര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശത്തെ സംബന്ധിച്ചിടത്തോളം ശുദ്ധജല സ്രോതസുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വെള്ളായണി കായൽ ശുദ്ധജല തടാകം. അത് നിലനിർത്തി കൃഷിക്കാരിൽ നിന്ന് കായൽ ഭൂമി കോമ്പൻസേഷൻ കൊടുത്ത് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് നടപടി ഉണ്ടാകണം. മറ്റൊന്ന് കരിച്ചൽ കായലാണ്. ഇവിടെയൊരു കരിച്ചൽ ശുദ്ധജല വിതരണ പദ്ധതിയുണ്ട്. അവിടെ കൂടുതൽ സ്ഥലം ഏറ്റെടുത്ത് നില നിർത്തണം. അതുപോലെതന്നെ പൂവാർ, കുമിളി തുടങ്ങിയ ശുദ്ധജല പദ്ധതി കൂടുതൽ സ്ഥലം ഏറ്റെടുത്ത് നിലനിർത്താൻ ശ്രദ്ധിക്കണം. ഈ മൂന്ന് ശുദ്ധജല സ്രോതസുകൾ ഉപയോഗിച്ച് ബൃഹത്തായ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാൻ നടപടി ഉണ്ടാകണം. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഈ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായി ചാർജ് എടുത്തശേഷം രണ്ട് കോൺഫറൻസുകൾ വിളിച്ചു കൂട്ടി. വലിയ പ്രതീക്ഷയോടെയാണ് ഞങ്ങൾ അത് നോക്കിക്കണ്ടത്. പക്ഷേ ആ കോൺഫറൻസിൽ കൈക്കൊണ്ട തീരുമാനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ഏതാനും ദിവസങ്ങൾക്കു മുമ്പ് ശ്രീ. രാജു എബ്രഹാം കേരളത്തിൽ ആകെയുള്ള വരൾച്ചയെപ്പറ്റി ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അന്നു നടത്തിയ പ്രഖ്യാപനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. കേരളം അതിരൂക്ഷമായ വരൾച്ചയിലേക്ക് പോകുകയാണ്. ഇപ്പോൾ അതിനുള്ള മുൻകരുതലുകൾ എടുത്തില്ലെങ്കിൽ ആരു പിടിച്ചാലും നിൽക്കില്ല. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരും മുഖ്യമന്ത്രിയും പ്രത്യേക താൽപ്പര്യം എടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ബഹുമാനപ്പെട്ട അങ്ങ് പ്രകടിപ്പിച്ച വികാരം പൂർണ്ണമായി ഉൾക്കൊള്ളുകയാണ്. വരൾച്ചയുടെ രൂക്ഷത മനസ്സിലാക്കിക്കൊണ്ടാണ് ഗവണ്മെന്റ് എല്ലാ ജില്ലയിലും ഓരോരുത്തർക്ക് ചാർജ് കൊടുത്ത് വരൾച്ചയ്ക്കെതിരായിട്ടുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ശ്രമം നടത്തിയിട്ടുള്ളത്. അങ്ങ് ഉന്നയിച്ച കാര്യത്തിന് വേണ്ടി നേരത്തേ ഞാൻ 2 യോഗങ്ങൾ വിളിച്ചു കൂട്ടിയിരുന്നു. അങ്ങ് അതിൽ പങ്കെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലും ഇതുസംബന്ധിച്ച കോൺഫറൻസ് വിളിച്ചുകൂട്ടി. വരൾച്ച ബാധിത പ്രദേശങ്ങളുടെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥരുടെ ഒരു മീറ്റിംഗ് വിളിച്ച്കൂട്ടി. ആ മീറ്റിംഗിൽ 3 കാര്യങ്ങളാണ് ഐഡന്റിഫൈ ചെയ്തിട്ടുള്ളത്. ഒന്ന് കേടുപാടുകൾ വന്ന പമ്പുസെറ്റുകൾ നന്നാക്കുന്നതിന് നടപടി ഉണ്ടാകണം. സ്റ്റാന്റ്ബൈ പമ്പില്ലാത്തിടത്ത് അത് വയ്ക്കാൻ നടപടി ഉണ്ടാകണം. രണ്ട് നിലവിലുള്ള സ്രോതസ്സുകൾ ശക്തിപ്പെടുത്താൻ നടപടി ഉണ്ടാകണം. മൂന്ന്

പൈപ്പ്ലൈൻ എക്സ്റ്റെന്റ് ചെയ്യാൻ നടപടിയുണ്ടാക്കണം. ഈ കാര്യങ്ങൾക്ക് വേണ്ടി 22 കോടി രൂപയുടെ ചെലവ് വാട്ടർ അതോറിറ്റിക്ക് വരും. ഇന്നത്തെ സാഹചര്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുകാരണം വാട്ടർ അതോറിറ്റിക്ക് ഈ ചെലവ് വഹിക്കാൻ വളരെ പ്രയാസമായിരിക്കും. അങ്ങ് ചോദിച്ച ചോദ്യത്തിന് ഞാൻ എഴുതിയ ഒരു റിപ്ളൈ ഉണ്ട്. പക്ഷേ അങ്ങ് അതിൽനിന്ന് വ്യതിചലിച്ച് ഒന്നുരണ്ടു കാര്യങ്ങൾ പറഞ്ഞതുകൊണ്ടാണ് ഇങ്ങനെ പൊതുവായ കാര്യങ്ങൾ എനിക്കു പറയേണ്ടിവന്നത്. വെള്ളായണി കായലും അവിടത്തെ ശുദ്ധജല സ്രോതസ്സും സംരക്ഷിക്കണം എന്നതു തന്നെയാണ് ഗവണ്മെന്റിന്റെ നിലപാട്. ഇതിന്റെ വിശദവിവരങ്ങളടങ്ങിയ പേപ്പർ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(7) ചാരുംമൂട്ടിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും, മാങ്കാരംകുഴി വെട്ടിയാറിൽ പോലീസ് സ്റ്റേഷനും ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. കെ. കെ. ഷാജു: സർ, ആലപ്പുഴ ജില്ലയുടെ തെക്കുകിഴക്കേയറ്റമായ പാലമേൽ, താമരക്കുളം തുടങ്ങിയ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഈ മേഖലയിൽ പോലീസിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ലോകത്തിൽ ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്നത് എന്റെ മണ്ഡലമായ നൂറനാട്ടിലാണ്; ദുരൂഹമരണങ്ങളുമുണ്ട്. നിലവിൽ മാവേലിക്കര സർക്കിൾ സ്റ്റേഷനിൽ ഏതാണ്ട് 30 കിലോമീറ്റർ അകലെയാണ് പാലമേൽ പഞ്ചായത്തിൽ അടൂരിന്റെ ഭാഗത്ത് ഉൾപ്പെടുന്ന ഈ പ്രദേശം വരുന്നത്. 10 വർഷം മുൻപ് ആലപ്പുഴ ജില്ലയിൽ സി. ഐ. ഓഫീസുകൾക്കുവേണ്ടിയുള്ള നിർദ്ദേശമുണ്ടായിരുന്നു. അതിലൊന്ന് മാന്നാറും, മറ്റേത് ചാരുംമൂടുമായിരുന്നു. മാന്നാറിൽ സി. ഐ. ഓഫീസ് വന്നു. ചാരുംമൂട്ടിൽ വന്നില്ല. ഇപ്പോൾത്തന്നെ കുഴവാനിച്ചൽ പള്ളിമുറ്റത്തുണ്ടായ കൊലപാതകവുമായി ബന്ധപ്പെട്ട് ചെങ്ങന്നൂർ ഡി. വൈ. എസ്. പി. കറ്റാനം ടി. ബി. യിൽ ക്യാമ്പ് ചെയ്യുകയാണ്. ചെങ്ങന്നൂരും, ഈ പ്രദേശവുമായി കുറെ അകലമുണ്ട്. അവിടെ ഒരു സി. ഐ. ഓഫീസ് സ്ഥാപിക്കണമെന്ന നേരത്തെയുള്ള നിർദ്ദേശം അടിയന്തിരമായും നടപ്പിലാക്കണം. ആലപ്പുഴ ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തായ നൂറനാട്ടിന്റെയും ചുനക്കരയുടെയും ചില ഭാഗങ്ങൾ ചേരുന്ന തഴക്കര പഞ്ചായത്തുകൂടി ഉൾപ്പെടുത്തിക്കൊണ്ട് മാങ്കാരംകുഴിയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന് നിർദ്ദേശമുണ്ട്. അതിനുള്ള പരിശോധന കഴിഞ്ഞതാണ്. മോഷണവും, പിടിച്ചുപറിയും കൊണ്ട് ഈ പ്രദേശത്തെ നാട്ടുകാർ വളരെ പ്രയാസപ്പെടുകയാണ്. അതുകൊണ്ട് ചാരുംമൂട്ടിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ ഓഫീസും മാങ്കാരംകുഴി വെട്ടിയാറിൽ ഒരു പോലീസ് സ്റ്റേഷനും അടിയന്തിരമായി

LIBRARY ARCHIVES Kerala Legislative Assembly